# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3161** — **14.03.2018-ൽ മറുപടിക്ക്**

## പി.എസ്.സി.യിൽ നടപ്പാക്കുന്ന മാറ്റങ്ങൾ

**ചോദ്യം**

**ശ്രീ.പി.കെ. ശശി**

**ഉത്തരം**

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷാ നടപടികളിൽ, നിലവിലുള്ള കമ്മീഷൻ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഓൺലൈൻ പരീക്ഷകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിലേക്കാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു. ഒ.എം.ആർ പരീക്ഷകളിൽ ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലായ തസ്തികകളിൽ രജിസ്റ്റർ നമ്പർ നിശ്ചിത സമയത്തിനകം ജനറേറ്റ് ചെയ്ത് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നവർക്ക് മാത്രം പരീക്ഷ എഴുതാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തി വരുന്നു. |
| (ബി) | പരീക്ഷാ നടത്തിപ്പുകൾക്കും മറ്റുമായി കെ.പി.എസ്.സി നടത്തിവരുന്ന പ്രവർത്തനങ്ങളും ആയതിന്റെ ചെലവുകളും എന്ത് എന്ന് വ്യക്തമാക്കുമോ; | (ബി) | പി.എസ്.സി യുടെ ഒ.എം.ആർ പരീക്ഷകളിൽ ചോദ്യപേപ്പർ രൂപീകരണം. ചോദ്യപേപ്പർ തയ്യാറാക്കൽ, OMR ഷീറ്റുകൾ തയ്യാറാക്കൽ, പാക്കിംഗ്, വിതരണം, പരീക്ഷാ കേന്ദ്രങ്ങൾ സജ്ജീകരിക്കൽ, ഉദ്യോഗസ്ഥ നിയമനം പരീക്ഷ കേന്ദ്രങ്ങളിലേക്ക് പരീക്ഷാ സാമഗ്രികൾ എത്തിക്കൽ, പരീക്ഷാ നടത്തിപ്പ് എന്നിങ്ങനെ വൈവിദ്ധ്യമായ മേഖലകളിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതു കൂടാതെ ഓൺലൈൻ പരീക്ഷകളും നടത്തുന്നുണ്ട്. ഇവയിലെല്ലാം തന്നെ വിവിധ തലങ്ങളിലാണ് ചെലവുകൾ ഉണ്ടാകുന്നത്. |

| | | | |
|---|---|---|---|
| (സി) | ഇവയിൽ വരുത്തുന്ന മാറ്റങ്ങൾ അപേക്ഷകർക്ക് ഗുണകരമാക്കുവാനും ചെലവുകുറയ്ക്കുവാനും, ആയതിനായി അഭ്യസ്ത വിദ്യരുടെ അഭിപ്രായക്രോഡീകരണം നടത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ